## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *453 | 18.11.2019-ൽ മറുപടിക്ക് |
|---|---|

**പാസ്സ്പോർട്ട് വെരിഫിക്കേഷന് സോഫ്റ്റ്‌വെയർ**

| | ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. പി.ടി. തോമസ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | പോലീസിന്റെ പാസ്സ്പോർട്ട് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് ബ്ലോക്ക് ചെയിൻ ടെക്നോളജി ഉപയോഗിച്ച് സോഫ്റ്റ് വെയർ/ആപ്പ് നിർമ്മിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതു സ്ഥാപനമാണ് പ്രസ്തുത ആപ്പ് നിർമ്മിച്ചിരിക്കുന്നത്; പ്രസ്തുത സ്ഥാപനവുമായുള്ള കരാറിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | പോലീസ് വകുപ്പിന്റെ ആവശ്യകതയ്ക്കനുസരിച്ച് ബ്ലോക് ചെയിൻ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി പാസ്സ്പോർട്ട് വെരിഫിക്കേഷൻ/പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി Total Solution Provider ആയിട്ടുള്ള M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS) ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും തുടർന്ന് ഈ വിഷയത്തിൽ ഒരു Proof of Concept (POC) ആപ്ലിക്കേഷൻ വികസിപ്പിക്കാൻ പ്രസ്തുത സ്ഥാപനത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത ആപ്പിന്റെ ഉപയോഗം ഏതൊക്കെ ജില്ലയിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഒരു ജില്ലയിലും പ്രാബല്യത്തിൽ വന്നിട്ടില്ല. M/s ULCCS സമർപ്പിച്ച POC പരിശോധിക്കുന്നതിനായി എ.ഡി.ജി.പി. (കോസ്റ്റൽ സെക്യൂരിറ്റി) ചെയർമാനായി ഒരു ടെക്നിക്കൽ കമ്മിറ്റിയ്ക്ക് പോലീസ് മേധാവി രൂപം നൽകിയിട്ടുണ്ട്. |
| (സി) | പോലീസിന്റെ പാസ്സ്പോർട്ട് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ/ആപ്പ് നിർമിക്കുന്നതിന് ടെൻഡർ ക്ഷണിച്ചിരുന്നോ; എങ്കിൽ ടെൻഡർ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (സി) | ഇല്ല. G.O (Ms)No.1/2016/ITD dated 18.01.2016 പ്രകാരം Total Solution Provider (TSP) ആയി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നതിനാൽ ടെണ്ടർ ഒഴിവാക്കി പ്രൊപ്പോസൽ ക്ഷണിക്കുകയാണ് ചെയ്തത്. |
| (ഡി) | അതീവ രഹസ്യ സ്വഭാവമുള്ള പോലീസ് ഡാറ്റ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നത് നിയമവിധേയമാണോ എന്ന് അറിയിക്കാമോ, ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി എന്തെങ്കിലും ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ടോ, വ്യക്തമാക്കാമോ? | (ഡി) | അതീവ രഹസ്യ സ്വഭാവമുള്ള പോലീസിന്റെ വിവരസഞ്ചയം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാൻ ഒരു തീരുമാനവും എടുത്തിട്ടില്ല. വിവരസഞ്ചയത്തിന്റെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് POC യ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ